# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5995** — **07-07-2014 ൽ മറുപടിയ്ക്ക്**

## നെൽകർഷകർക്കുള്ള സബ്സിഡി തുക വർദ്ധിപ്പിക്കുന്നതിന് നടപടി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| നെൽകർഷകർക്കുള്ള സബ്സിഡി തുക വർദ്ധിപ്പിക്കുന്ന സർക്കാർ പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ? | സ്വീകരിച്ചിട്ടുണ്ട്. നെൽകർഷകർക്ക് നൽകി വരുന്ന ഉല്പാദനബോണസ് ഹെക്ടറിന് 350/- രൂപയിൽ നിന്ന് 1000/- (ആയിരം) രൂപയായും പമ്പിംഗ് സബ്സിഡി 750/- (എഴുന്നൂറ്റി അമ്പത്) രൂപയായും 07/12/2011 മുതൽ മുൻകാല പ്രാബല്യം നൽകി ഉത്തരവായിട്ടുണ്ട്. ഇതിന് പുറമെ 2014-2015 സാമ്പത്തിക വർഷത്തേക്കായി സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറൊന്നിന് 1500/- രൂപയും പ്രത്യേക നെല്ലിനങ്ങളുടെ വികസനത്തിനായി ഹെക്ടറിന് 10000/- രൂപയും സബ്സിഡി നൽകുന്നുണ്ട്. 2014-2015 വർഷം ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 15000/- രൂപ സബ്സിഡി നിരക്കിൽ നൽകി നെൽകൃഷി ചെയ്യുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ